A1/136/2024/CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സാഹിത്യ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആറാം ഗഡു അനുവദിച്ചുത്തരവാകുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt) No.110/2025/CLAD തീയതി,തിരുവനന്തപുരം, 07-03-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.220/2024/സാം.കാ.വ തീയതി 25.04.2024
2. സ.ഉ.(സാധാ) നം.437/2024/സാം.കാ.വ തീയതി 08.08.2024
3. സ.ഉ.(സാധാ) നം.551/2024/സാം.കാ.വ തീയതി 24.09.2024
4. സ.ഉ.(സാധാ) നം.638/2024/സാം.കാ.വ തീയതി 01.11.2024
5. സ.ഉ.(സാധാ) നം.718/2024/സാം.കാ.വ തീയതി 16.12.2024
6. കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 03.01.2025 തീയതിയിലെ 2818/2024/കെ.എസ്.എ/എം നമ്പർ കത്ത്.

**ഉത്തരവ്**

കേരള സാഹിത്യ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,27,58,000/- രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി അൻപത്തെട്ടായിരം രൂപ) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശിത ഉത്തരവുകൾ പ്രകാരം അഞ്ച് ഗഡുക്കളായി 81,52,000/-രൂപ (എൺപത്തിയൊന്ന് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പദ്ധതിയേതരവിഹിതത്തിൽ നിന്നും ആറാം ഗഡു അനുവദിക്കുന്നതിന് പരാമർശിത കത്ത് പ്രകാരം അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാഹിത്യ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം "2205-00-102-97-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 13,00,000/- രൂപ (പതിമൂന്ന് ലക്ഷം രൂപ മാത്രം) ആറാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക 04.01.2021 ലെ 1/2021/Fin നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള സാഹിത്യ അക്കാദമിയുടെ തൃശ്ശൂർ സബ് ട്രഷറിയിലുള്ള 713021400000208 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ്

ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2768145 EDN-C3/139/2024-FIN dated 04.03.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 07-03-2025 11:08:51